**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** **14-09-2023 - ല്‍ മറുപടിയ്ക്ക്**

**കാസര്‍ഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | 2023-2024 വര്‍ഷത്തെ ബജറ്റില്‍ കാസര്‍ഗോഡ് ജില്ലയിലെ ഏതൊക്കെ വ്യവസായ സ്ഥാപനങ്ങള്‍ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ അറിയിക്കാമോ; | (എ) | (എ), (ബി) & (സി) :<br><br>2023-2024 വര്‍ഷത്തെ ബജറ്റില്‍ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴില്‍ കാസര്‍ഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങള്‍ക്ക് തുകകള്‍ വകയിരുത്തിയിട്ടില്ല. സ്വകാര്യ മേഖലയില്‍ ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികള്‍ക്കും പ്രവര്‍ത്തനങ്ങള്‍ക്കുമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് 2023-24 സാമ്പത്തിക വര്‍ഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തില്‍ നിന്നും കാസര്‍ഗോഡ് ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കുന്ന പദ്ധതികള്‍ക്ക് ഫണ്ട് അനുവദിച്ച് വരുന്നുണ്ട്.<br><br>കാസര്‍ഗോഡ് ജില്ലയില്‍ വ്യവസായ വകുപ്പിന്റെ അധീനതയില്‍ ചുവടെ ചേര്‍ത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങള്‍ക്ക് 2023-24 സാമ്പത്തിക വര്‍ഷത്തില്‍ ബഡ്ജറ്റില്‍ വകയിരുത്തിയ തുക സംബന്ധിച്ചും അവ ഏതൊക്കെ പദ്ധതികള്‍ക്കാണെന്നത് സംബന്ധിച്ചുമുള്ള വിവരങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.<br><br>**1. കെല്‍ - ഇ.എം.എല്‍ ലിമിറ്റഡ്**<br><br>2023-24 കെല്‍ - ഇ.എം.എല്‍-നു 10 കോടി രൂപയാണ് ബഡ്ജറ്റില്‍ വകയിരുത്തിയിരിക്കുന്നത്. ഈ തുക സ്ഥാപനത്തിന്റെ നവീകരണത്തിനും, പുതിയ ഉത്പന്നങ്ങള്‍ക്ക് വേണ്ടിയുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | ചെലവുകൾക്കായും, മറ്റു ബാധ്യതകൾ തീർക്കാനും വേണ്ടിയാണ് വകയിരുത്തിയിരിക്കുന്നത്.<br><br>കേരള സർക്കാർ ഏറ്റെടുത്തതിനു ശേഷം സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാരിൽ നിന്ന് ഇതുവരെ 27.20 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക കമ്പനിയുടെ കെട്ടിടങ്ങളുടെയും പ്ലാന്റിന്റെയും മെഷിനറിയുടെയും നവീകരണം, മറ്റു ബാധ്യതകൾ തീർപ്പാക്കുക എന്നിവയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്.<br><br>**2. ഉദുമ ടെക്സ്റ്റൈൽ മിൽ, ഉദുമ, കാസർഗോഡ്**<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായ ഉദുമ ടെക്സ്റ്റൈൽ മില്ലിനായി പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിലും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ 2023 – 24 സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി അനുവദിച്ച 5 കോടി രൂപയിൽ നിന്നും ഉദുമ ടെക്സ്റ്റയിൽ മില്ലിനായി 47.50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക മേൽ സ്ഥാപനങ്ങളിലെ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | (എ) പാർട്ട് കാണുക |
| (സി) | നിലവിൽ ഇതിന്റെ പുരോഗതി ഏത് തലത്തിലാണുള്ളതെന്ന് വിശദമാക്കാമോ? | (സി) | (എ) പാർട്ട് കാണുക |

സെക്ഷൻ ഓഫീസർ